**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 287** **22-07-2021 - ൽ മറുപടിയ്ക്ക്**

**മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കോവൂർ കുഞ്ഞുമോൻ** | | **Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | മൾട്ടി സ്റ്റേറ്റ് സഹകരണ നിയമത്തിനു കീഴിൽ രജിസ്റ്റർ ചെയ്ത് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ നിക്ഷേപങ്ങൾക്ക് കൂടുതൽ ഉയർന്ന പലിശ നൽകിയും വായ്പകൾക്ക് ഉയർന്ന പലിശ ഈടാക്കിയും സാമ്പത്തിക മേഖലയിൽ നടത്തുന്ന അനാരോഗ്യകരമായ മത്സരം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എ) | കേന്ദ്ര സർക്കാരിന്റെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട്, 2002 പ്രകാരമാണ് മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നത്. ഇവയുടെ നിയന്ത്രണത്തിനായി സംസ്ഥാന സർക്കാരിന് പ്രത്യേക നിയമങ്ങൾ നിലവിലില്ല. മൾട്ടിസ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ നിക്ഷേപ-സമാഹരണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാന ചീഫ് സെക്രട്ടറി കേന്ദ്ര അഗ്രിക്കൾച്ചർ & ഫാർമേഴ്സ് വെൽഫയർ മന്ത്രാലയത്തിന് കത്തയച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സഹകരണ സംഘങ്ങളുടെ സാമ്പത്തിക ഭദ്രത സംബന്ധിച്ച് നിക്ഷേപകർക്ക് ഉറപ്പ് നൽകുവാൻ പ്രാപ്തമായ എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ; വിശദമാക്കുമോ ? | (ബി) | കേന്ദ്ര സർക്കാരിന്റെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട്, 2002 പ്രകാരമാണ് മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നത്. സംസ്ഥാന സർക്കാരിന് മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളിന്മേൽ നിയന്ത്രണത്തിനായി പ്രത്യേക നിയമങ്ങൾ നിലവിലില്ല. എന്നിരുന്നാലും കേന്ദ്ര സർക്കാരിന്റെ 07.08.2018 ലെ R-11017/31/2012-l&m (Part II) നമ്പർ നോട്ടീസ് പ്രകാരം എല്ലാ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളും ചുവടെ ചേർക്കും പ്രകാരം നോട്ടീസ് സംഘങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. "Multi-state co-operative societies are functioning as autonomous co-operative organizations accountable to their members and not under the administrative control of Central Registrar, Ministry of Agriculture and Farmers' Welfare. Therefore the depositors/members are advised to take decision for investing deposits based on the performance of the society at their own risk. Central |

| | | | |
|---|---|---|---|
| | | | Registrar, Ministry of Agriculture and Farmers' Welfare does not provide any guarantee for these deposits". ടി നിർദ്ദേശത്തെ തുടർന്ന് ആയത് നടപ്പിൽ വരുത്തുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലർ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെയും പ്രവേശന കവാടത്തിൽ പ്രദർശിപ്പിക്കുന്നതിനും ആയത് ഉറപ്പ് വരുത്തുന്നതിന് എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ